LIBRARY ARCHIVES Kerala Legislative Assembly

**കാസർഗോഡ് എം.എ.സി.ടി. കോടതി സ്ഥാപിക്കാൻ നടപടി**

11 [2441] *ശ്രീ. സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എം.എ.സി.ടി. കോടതികൾ നിലവിലുണ്ടെന്നും, അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോടതി കാസർഗോഡ് ജില്ലയിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ജില്ലാ ആസ്ഥാനമായ കാസർഗോഡ് തന്നെ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഈ കോടതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) മുപ്പത്തിയാറ് (36). ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(ബി) & (സി) നിലവിൽ കാസർഗോഡ് ജില്ലാ കോടതി എം.എ.സി.ടി. ആയി പ്രവർത്തിച്ചുവരുന്നു. കാസർഗോഡ് പ്രത്യേകമായി എം.എ.സി.ടി. സ്ഥാപിക്കുന്ന കാര്യം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) മുൻഗണനാ ലിസ്റ്റിലെ ക്രമമനുസരിച്ച് കഴിയുന്നത്ര വേഗത്തിൽ ഈ കോടതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

**രാജീവ് ഗാന്ധി പാഡി പ്രൊക്യൂറിംഗ്, പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റിക്കെതിരെയുള്ള വിജിലൻസ് അന്വേഷണം**

12 [2442] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന രാജീവ് ഗാന്ധി പാഡി പ്രൊക്യൂറിംഗ്, പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റിക്കെതിരെയുള്ള വിജിലൻസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) അന്വേഷണം പൂർത്തിയായെങ്കിൽ കേസ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) മൂന്നു വർഷങ്ങൾ കഴിഞ്ഞിട്ടും കേസ് പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

†അനുബന്ധം VI

(ഡി) ഈ കേസ് എന്നത്തേക്ക് പൂർത്തിയാക്കി റിപ്പോർട്ട് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) വിജിലൻസ് അന്വേഷണം പൂർത്തിയായി. റിപ്പോർട്ട് വിജിലൻസ് ഡയറക്ടറേറ്റിൽ സൂക്ഷ്മപരിശോധനയിലാണ്.

(ബി) അന്വേഷണ റിപ്പോർട്ട് സൂക്ഷ്മപരിശോധനയിൽ ആയതിനാൽ വിശദാംശം ഇപ്പോൾ ലഭ്യമാക്കുവാൻ നിർവാഹമില്ല.

(സി) 12-6-2003-ൽ ഉത്തരവിട്ട അന്വേഷണത്തിന്റെ ഭാഗമായി ധാരാളം റിക്കാർഡുകൾ കണ്ടെടുത്ത് പരിശോധിക്കേണ്ടതിനാലും ധാരാളം സാക്ഷികളെ നേരിൽകണ്ട് മൊഴി രേഖപ്പെടുത്തേണ്ടതിനാലും മറ്റും സ്വാഭാവികമായ കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ.

(ഡി) അന്വേഷണം പൂർത്തിയായി. റിപ്പോർട്ട് സൂക്ഷ്മപരിശോധന കഴിഞ്ഞ് താമസംവിനാ സർക്കാരിന് ലഭിക്കുന്നതാണ്.

**തച്ചനാട്ടുകര പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് വിജിലൻസിന് ലഭിച്ച പരാതി**

13 [2443] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കിയ ജനകീയാസൂത്രണ പദ്ധതിയിൽ തച്ചനാട്ടുകര പഞ്ചായത്തിലെ എന്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് വിജിലൻസിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളെക്കുറിച്ച് എത്ര പരാതികൾ വീതമാണ് ലഭിച്ചത്;

(സി) ഈ പരാതികളിന്മേൽ നാളിതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇനിയും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അവ എന്നത്തേക്ക് നടത്താനാകുമെന്നും വ്യക്തമാക്കുമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) തച്ചനാട്ടുകര പഞ്ചായത്തിൽ നടപ്പാക്കിയ ജനകീയാസൂത്രണ പദ്ധതിയിലെ മൃഗാശുപത്രി, കൃഷിഭവൻ, വനിതാ വ്യവസായ കെട്ടിടം എന്നിവയുടെ നിർമ്മാണത്തിലും ആരോഗ്യകേന്ദ്രങ്ങളിൽ നടന്ന അറ്റകുറ്റപണികളിലും, പൈപ്പ്ലൈൻ

LIBRARY ARCHIVES Kerala Legislative Assembly